

കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ ആരംഭിച്ച കാർഷിക പ്രദർശനം ഉദ്ഘാടനം ചെയ്ത മന്ത്രി ഇ.ചന്ദ്രശേഖരൻ സ്റ്റാളിൽ നൂതന യന്ത്രസഹായത്തോടെ തേങ്ങ പൊതിക്കുന്നു. ഡയറക്ടർ ഡോ. പി.ചൗഡപ്പ സമീപം.

mm dt. 6/1/18

# ജൈവകൃഷിക്ക് പരമപ്രാധാന്യം നൽകണം: മന്ത്രി ഇ.ചന്ദ്രശേഖരൻ

കാസർകോട് • കാർഷിക ഉൽപാദനം, സംഭരണം, സംസ്കരണം വിപണനം തുടങ്ങിയ മേഖലകളിൽ കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ സർക്കാർ സഹായിക്കണമെന്ന് മന്ത്രി ഇ.ചന്ദ്രശേഖരൻ.

സിപിസിആർഐ സ്ഥാപകദിനം, കൃഷിവിജ്ഞാനകേന്ദ്രം രജതജൂബിലി ആഘോഷ ഭാഗമായി ആരംഭിച്ച കാർഷിക പ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യവസായ മേഖലയ്ക്കു ലഭിക്കുന്ന മുൻഗണന കൃഷിമേഖലയ്ക്കും കർഷകർക്കും കിട്ടുന്നില്ല.

കീടങ്ങളും രോഗങ്ങളും ഉണ്ടാക്കുന്ന വെല്ലുവിളികളും പ്രതികൂലമായ പരിസ്ഥിതി സാഹചര്യങ്ങളും അതിജീവിക്കുന്നതിനു ഗവേഷണ നേട്ടങ്ങൾ കർഷകരിലേക്കെത്താൻ കാർഷികമേളകൾ ഫലം ചെയ്യും. ബാങ്കിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്ത സ്ഥിതിയിലാണ് രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതോപയോഗം മൂലമുണ്ടായ പ്രധാന പ്രശ്നങ്ങൾ നേരിടാൻ ജൈവ കൃഷിക്കു പരമ പ്രാധാന്യം നൽകണമെന്നും അഭ്യർഥിച്ചു.

പ്രിൻസിപ്പൽ കൃഷി ഓഫിസർ ടി.ആർ.ഉഷാദേവി, ഐസിഎആർ-സിപിസിആർഐ ഐഎംസി അംഗം സുരേഷ്കുമാർ ഷെട്ടി, സിപിസിആർഐ ഡയറക്ടർ ഡോ. പി.ചൗഡപ്പ, അഗ്രി എക്സ്പോ -2018 കൺവീനർ സിപിസിആർഐ സാമൂഹിക ശാസ്ത്രവിഭാഗം മേധാവി ഡോ. സി.തമ്പാൻ എന്നിവർ പ്രസംഗിച്ചു.

മണ്ണ്, ജലസംരക്ഷണ മാർഗങ്ങൾ, ഉയർന്ന മൂല്യമുള്ള ഫലവർഗവിളകൾ തുടങ്ങിയ വിഷയങ്ങളിൽ സെമിനാറും നടന്നു. കൊച്ചി സിഫ്റ്റ് എൻജിനീയറിങ് ഡിവിഷൻ മേധാവി ഡോ. മനോജ് പി.സാമുവൽ, കണ്ണൂർ കൃഷിവിജ്ഞാനകേന്ദ്രം മേധാവി ഡോ. പി.ജയരാജ്, പിലിക്കോട് മേഖലാ കാർഷിക ഗവേഷണ കേന്ദ്രം (ഹോർട്ടികൾച്ചർ) പ്രഫ.ഡോ. കെ.എൻ.സതീശൻ, ഹീരേഹള്ളി ചെസ് മേധാവി സീനിയർ സയന്റിസ്റ്റ് ഡോ. ജി.കരുണാകരൻ, ബൽത്തങ്ങാടിയിലെ കർഷകൻ അനിൽ ബാലൻജെ എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. സിപിസിആർഐ സസ്യസാമ്പത്തിക വിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കെ.ഷംസുദ്ദീൻ, ഫലവർഗ ശാസ്ത്രവിഭാഗം ശാസ്ത്രജ്ഞ ഡോ. ആർ.സുധ എന്നിവരായിരുന്നു കോഓർഡിനേറ്റർമാർ. കൃഷി മേഖലയുമായി ബന്ധപ്പെട്ട വിവിധങ്ങളായ ഗവേഷണഫലങ്ങൾ വെളിപ്പെടുത്തുന്ന നൂറ്റൻപതോളം സ്റ്റാളുകളിലായുള്ള പ്രദർശനം 10നു സമാപിക്കും. രാവിലെ 10 മുതൽ അഞ്ചു വരെയാണ് പ്രദർശനം. നടീൽ വസ്തുക്കളുടെയുൾപ്പെടെയുള്ളവയുടെ വിൽപനയും ഉണ്ട്.

ദിവസവും വിവിധ വിഷയങ്ങളിൽ സെമിനാർ നടക്കും. എട്ടിനു 11നു കർഷകമേള കേന്ദ്രമന്ത്രി ഡി.വി.സദാനന്ദ ഗൗഡയും സാങ്കേതിക വിദ്യാ അഭിവൃദ്ധിപദ്ധതി കേന്ദ്രമന്ത്രി അനന്തകുമാർ ഹെഗ്ഡെയും ഉദ്ഘാടനം ചെയ്യും.